LIBRARY ARCHIVES Kerala Legislative Assembly

തീരദേശ പരിപാലന നിയമം

117 [1950] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം അനുസരിച്ചുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വസ്തു ഇല്ലെങ്കിൽ വസ്തു വാങ്ങി വീട് വയ്ക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) നിലവിൽ പദ്ധതികൾ ഇല്ല. എന്നാൽ സ്ഥലം വാങ്ങി വീട് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

ഇൻഡ്യൻ ഇക്കണോമിക് സോണിനുള്ളിലുള്ള മത്സ്യസമ്പത്ത്

118 [1951] *ശ്രീ. ജോർജ് ജെ. മാത്യു:*
,, ടി. യു. രാധാകൃഷ്ണൻ:
,, പി. ജെ. ജോയി:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരക്കടലിൽ ഇൻഡ്യൻ ഇക്കണോമിക് സോണിലുള്ള മത്സ്യസമ്പത്തിന്റെ വൈപുല്യത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ സീസണിലും ഈ ഭാഗത്ത് എത്രമാത്രം മത്സ്യം ലഭ്യമാണ്;

(സി) ഈ മത്സ്യസമ്പത്ത് പിടിച്ചെടുക്കുവാൻ എത്ര നാടൻ വള്ളങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ, ഇൻബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ എന്നിവ ആവശ്യമായിവരുന്നു;

(ഡി) ഇപ്പോൾ ഉള്ള ഇത്തരം യാനങ്ങൾ ഇതിന് പര്യാപ്തമാണോ എന്ന് പറയുമോ?